# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 149 06/01/2014-ൽ മറുപടിയ്ക്ക്**

### മത്സ്യബന്ധന വകുപ്പിന്റെ 2012-13 ബഡ്ജറ്റ് വിഹിതം

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. വി. ശശി | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | 2012-13 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പിനുവേണ്ടി ബജറ്റിൽ വകയിരുത്തിയ തുകയിൽ എത്ര ശതമാനം ചെലവഴിച്ചു; | 2012-13 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ പദ്ധതിയിനത്തിൽ 94.05% തുകയും പദ്ധതിയേതരയിനത്തിൽ 99.04% തുകയും ഫിഷറീസ് വകുപ്പ് ചെലവഴിച്ചു. |
| (ബി) | എന്തൊക്കെ കാര്യങ്ങൾക്കായാണ് പ്രസ്തുത തുക ചെലവഴിച്ചതെന്ന് വിശദീകരിക്കുമോ; | ഉൾനാടൻ മത്സ്യബന്ധനം, കടൽ മത്സ്യബന്ധനം, വികസനവും പരിശീലനവും മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷുറൻസ്, പെൻഷൻ, ആശ്വാസ സമ്പാദ്യ പദ്ധതി, ഭവന നിർമ്മാണം, വിദ്യാഭ്യാസ ആനുകൂല്യം, മത്സ്യഫെഡ് മുഖേനയുള്ള പദ്ധതികൾ, സംയോജിത മത്സ്യ ഗ്രാമവികസനം, മത്സ്യത്തൊഴിലാളികൾക്കുള്ള കടാശ്വാസം, തീരമൈത്രി സേവന സഹായം തുടങ്ങിയ പദ്ധതികൾക്കാണ് ഫിഷറീസ് വകുപ്പ് പ്രധാനമായും തുക ചെലവഴിച്ചിട്ടുള്ളത്. |
| (സി) | എത്ര ശതമാനം തുക ചെലവഴിക്കാതെയുണ്ട്; ചെലവഴിക്കാതിരിക്കാനുള്ള കാരണങ്ങളുടെ വിശദാംശം വ്യക്തമാക്കാമോ ? | ഫിഷറീസ് വകുപ്പ് 6% തുകയാണ് ചെലവഴിക്കാതിരുന്നത്. ഇതിൽ ആർ.ഐ.ഡി.എഫ് മുഖേനയുള്ള പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച പദ്ധതി, ലാന്റിംഗ് സെന്ററുകളും ഫിഷറീസ് സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള തുക എന്നിവ സറണ്ടർ ചെയ്യുകയുണ്ടായി. |

ആർ.ഐ.ഡി.എഫ് പദ്ധതിയുടെ അംഗീകാരം നബാർഡിൽ നിന്നും ലഭിക്കാത്തതുകൊണ്ടും ഭവന പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള കാലതാമസം കൊണ്ടും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാത്തതിനാലുമാണ് ചെലവഴിക്കാൻ കഴിയാതെ പോയത്.

സെക്ഷൻ ആഫീസർ